# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5762

28.03.2018 ൽ മറുപടിയ്ക്ക്

## കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 2016 ഏപ്രിൽ മാസം ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്;<br><br>(ബി) ഈ കേസിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;<br><br>(സി) കേസിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) കുഞ്ഞാമിന എന്ന സ്ത്രീയുടെ കൊലപാതകം സംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 372/16 u/s 397, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിലേയ്ക്ക് നാളിതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതികളായി സംശയിക്കുന്നവർ കുറ്റകൃത്യത്തിനുശേഷം ഗുജറാത്ത്, ജാർഖണ്ഡ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ആന്ധ്രാ, കർണ്ണാടക, കേരളം, തമിഴ്നാട് തുടങ്ങി പല സംസ്ഥാനങ്ങളിലും മാറി മാറി താമസിക്കുന്നതായും പ്രതികൾക്ക് ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, കന്നട, മലയാളം, തെലുങ്ക് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ അറിയാമെന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. കൂടാതെ, ടി കേസ്സിലേയ്ക്ക് 90-ലധികം സാക്ഷികളെ നേരിൽ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>പ്രതികളെ കണ്ടെത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, കന്നട, മലയാളം, തെലുങ്ക് എന്നീ ഭാഷകളിൽ LOC തയ്യാറാക്കി അയച്ചിട്ടുള്ളതും പ്രതികളുടെ ഫോട്ടോ, ദൃശ്യ-മാധ്യമങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. പ്രതികൾ സമർത്ഥമായ രീതിയിൽ മൊബൈൽ ഫോണുകൾ ഉപേക്ഷിച്ചും വിവിധ സംസ്ഥാനങ്ങളിൽ മാറി മാറി പോകുന്നതിനാലും പ്രതികളുടെ യഥാർത്ഥ മേൽവിലാസം ലഭിക്കാത്തതിനാലും നാളിതുവരെയായി പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തതാണ്. പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ